ഗവ: എൽ.പി.സ്കൂൾ

പുള്ളിക്കണക്ക്

# അക്കാദമിക മാസ്റ്റർപ്ലാൻ

# ആമുഖം

1914ൽ ആരംഭിച്ച ഗവ:എൽ.പി.സ്കൂളിന്റെ പ്രവർത്തനം മാതൃകാപരമാണ്. സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന ലക്ഷംവീടുകോളനികളിലെ കുട്ടികൾ, പട്ടികജാതി മറ്റ് പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികൾ എന്നിവർക്ക് നമ്മുടെ വിദ്യാലയം തലമുറകളായി അറിവ് പകർന്നു നൽകിയിട്ടുണ്ട്. എസ്.എം.സി., മാതൃസംഗമം, അദ്ധ്യാപകർ എന്നീ എല്ലാ വിഭാഗങ്ങളുടേയും കൂട്ടായ പരിശ്രമം മൂലമേ നമ്മുടെ സ്കൂളിനെ മികവിലേക്കുയർത്തി കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. നൂറാം പിറന്നാളിലെത്തിയ ഈ കലാലയത്തിന്റെ പേരും പെരുമയും നിലനിർത്താൻ സമൂഹത്തിന്റെ പങ്കാളിത്തവും ആവശ്യമാണ്.

# ചരിത്രം

കായംകുളം മുൻസിപ്പാലിറ്റിയുടെ കിഴക്കൻ മേഖലയായ പുള്ളിക്കണക്കിൽ കുറ്റിത്തെരുവ് കൃഷ്ണപുരം റോഡിന്റെ ഓരത്ത് സ്ഥിതിചെയ്യുന്ന പ്രശസ്തമായ വിദ്യാലയമാണ് പുള്ളിക്കണക്ക് ഗവ:എൽ.പി.സ്കൂൾ. മുൻസിപ്പാലിറ്റിയുടെ 23-ാം വാർഡും കൃഷ്ണപുരം പഞ്ചായത്തിലെ അഞ്ചാം വാർഡും അടങ്ങുന്നതാണ് ഇതിന്റെ ചുറ്റുവട്ടം. 1914 മുതൽ സ്വകാര്യ വിദ്യാലയമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ഈ സ്കൂൾ പ്രദേശത്തെ ഉത്പതിഷ്ണുക്കളുടെ ശ്രമഫലമായി പിൽക്കാലത്ത് സർക്കാരിലേക്ക് വിട്ടുകൊടുക്കുകയായിരുന്നു. കായംകുളത്തിന്റെ കിഴക്കൻ ഭാഗത്തും, കൃഷ്ണപുരം പഞ്ചായത്തിന്റെ പുള്ളിക്കണക്ക് വാർഡിലുമായി ഏകദേശം 5 കിലോമീറ്റർ ചുറ്റളവിലുള്ള കുട്ടികളുടെ ഏകപഠനാശ്രയം ഈ വിദ്യാലയമായിരുന്നു. അന്ന് ഭൗതികസാഹചര്യങ്ങൾ വളരെ കുറവായിരുന്നെങ്കിലും കുട്ടികളുടെ എണ്ണം വളരെ കൂടുതലായിരുന്നു. കുട്ടികളുടെ ബാഹുല്യം മൂലം നിലനിന്നിരുന്ന ഷിഫ്റ്റ് സമ്പ്രദായം 1980ലാണ് നിർത്തലാക്കിയത്.

മഹാരാജാസ് കോളേജിലെ പ്രൊഫസർ ആയിരുന്ന ശ്രീ.രവീന്ദ്രൻസാർ, വർക്കല മുൻസിഫ് കോടതിയിലെ ജില്ലാ ജഡ്ജായായ ശ്രീ.ഹാഷിം തുടങ്ങി നിരവധി പ്രമുഖ വ്യക്തികൾക്കും, അദ്ധ്യാപകർ, വിവിധ വകുപ്പിൽ ജോലിനോക്കുന്നവർ, വക്കീലന്മാർ, ഡോക്ടർമാർ എന്നിവർക്കും ജന്മം നൽകിയ സരസ്വതീക്ഷേത്രമാണിത്.

തൊട്ടടുത്തുള്ള കായംകുളം പട്ടണത്തിൽ അൺ എയ്ഡഡ് സ്കൂളുകൾ യഥേഷ്ടം ഉയർന്നുവരുകയും അവ തമ്മിൽ മത്സരിച്ച് വാഹനസൗകര്യങ്ങൾ ഏർപ്പെടുത്തുകയും ഇംഗ്ലീഷ് മീഡിയത്തോട് ഉണ്ടായിക്കൊണ്ടിരിക്കുന്ന കുറവും നിമിത്തം ജനങ്ങളുടെ പൊതുസ്വത്തായ ഈ സർക്കാർ സ്കൂൾ കടുത്ത വെല്ലുവിളി നേരിടുകയാണ്. ഇത്തരം പ്രതിസന്ധികളെ തരണം ചെയ്ത് മികവിന്റെ വിദ്യാലയമായി മാറുന്നതിനുവേണ്ടി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

# സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

I. സ്കൂൾ ക്യാച്ച്മെന്റ് ഏരിയയിലുള്ള മുഴുവൻ കുട്ടികളേയും ഈ സ്കൂളിലേയ്ക്ക് ആകർഷിക്കണമെന്ന കാഴ്ചപ്പാടോടെ ചുവടെ ചേർത്തിരിക്കുന്ന കാര്യങ്ങൾ അദ്ധ്യാപകർ, എസ്.എം.സി , പി.ടി.എ., പൂർവ്വവിദ്യാർത്ഥികൾ, സ്കൂൾ റിസോഴ്സസ് ഗ്രൂപ്പ് എന്നിവ ചേർന്ന് ആവിഷ്കരിക്കുന്നു.

a. കളിയിലൂടെ പഠനം എന്നത് ഏറ്റവും ഫലപ്രദമായ ബോധനമാർഗ്ഗം എന്ന തിരിച്ചറിവിൽ കളി ഉപകരണങ്ങൾ നിർമ്മിച്ച് പ്രീ- പ്രൈമറി കുട്ടികളെ സ്കൂളിലേയ്ക്ക് ആകർഷിക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ, സംഘടനകൾ എന്നിവയുടെ സഹായം തേടുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കും. ഇതിലൂടെ 1 മുതൽ 4 വരെയുള്ള എല്ലാ കുട്ടികളും ഈ വിദ്യാലയത്തിലെത്തും എന്നത് ഉറപ്പുവരുത്തും.

b. അക്കാദമിക നിലവാരം ഉയർത്തുന്നതിന് ഇന്റർനെറ്റ് സൗകര്യം ഉപയോഗിച്ച് ഐ.റ്റി.സാദ്ധ്യതാ പഠനാനുഭവം ഉളവാക്കുന്നതിനുള്ള സാദ്ധ്യതകൾ കണ്ടെത്തും.

c. ഹരിതഉദ്യാനപാർക്ക് കുട്ടികളുടെ സഹായത്തോടെ നിർമ്മിച്ച് കുട്ടികളിൽ പാരിസ്ഥിതിക അവബോധം സൃഷ്ടിക്കും.

d. ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കുന്നതിനുള്ള സംവിധാനം സ്കൂളിൽ ഒരുക്കി ജൈവ മാലിന്യങ്ങളെ കാമ്പസിൽത്തന്നെ സംസ്കരിക്കുന്നതിലൂടെ മാലിന്യസംസ്കരണത്തിന്റെ പരിജ്ഞാനം ലഭിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

e. പ്ലാസ്റ്റിക്മുക്ത കാമ്പസായി സ്കൂളിനെ മാറ്റുന്നതിന് രക്ഷിതാക്കളുടെ സഹായം തേടുന്നതോടൊപ്പം രക്ഷിതാക്കളിൽ അവബോധം ഉണർത്തുന്നതിന് സഹായിക്കും.

f. വിദ്യാലയത്തിൽ വിദ്യാർത്ഥികളുടെ സഹായത്തോടെ ജൈവകൃഷി പരിപോഷിപ്പിക്കുന്നതിലൂടെ കാർഷികസംസ്കാരം വളർത്തുന്നതിന് ശ്രമിക്കും.

g. ഐ.റ്റി.സാദ്ധ്യതകൾ ഉപയോഗിച്ച് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് അദ്ധ്യാപകരെ പ്രാപ്തരാക്കും.

h. സ്കൂളിന്റെ ഭൗതികസാഹചര്യം ആകർഷകമാക്കും.

i. ഭാവിതലമുറയിലെ കുട്ടികൾ ആരോഗ്യമുള്ള കുട്ടികളാണ് എന്ന് ഉറപ്പുവരുത്തുന്നതിന് പോഷകസമൃദ്ധമായ ഭക്ഷണം ആവശ്യമാണ്. ഇത് പാകം ചെയ്യുന്നതും, കഴിക്കുന്നതും വൃത്തിയുള്ള പാചകപ്പുരയും, ഭക്ഷണഹാളും, നല്ല കുടിവെള്ള സൗകര്യവും നിർമ്മിക്കുന്നതിനാവശ്യമായ പ്രവർത്തനം നടത്തും.

j. ഓരോ ക്ലാസ്സിലേയും കുട്ടികൾ അതത് ക്ലാസ്സിൽ നേടേണ്ട ശേഷികൾ നേടി എന്ന് ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ ചെയ്യും.

k. ആഴ്ചയിൽ ക്ലാസ്സ് തല ബാലസഭ കൂടുന്നതും മാസത്തിൽ സ്കൂൾതല ബാലസഭ കൂടുന്നതും നേതൃത്വപാടവം കുട്ടികളിൽ ഉണ്ടാക്കുന്നതിന് സഹായിക്കുന്നു.

l. മലയാളഭാഷ കൈകാര്യം ചെയ്യുന്നതോടൊപ്പം മറ്റ് ഭാഷകളും കൈകാര്യം ചെയ്യുന്നതിനുള്ള നൈപുണി നേടുന്നതിന് ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനക്കളരികൾ സംഘടിപ്പിക്കുന്നു.

## ത്രിവത്സര വികസനലക്ഷ്യങ്ങൾ

1. ഇംഗ്ലീഷിൽ അനായാസം ആശയവിനിമയം നടത്താൻ കഴിവുള്ളവരായി വിദ്യാർത്ഥികളെ മാറ്റിയെടുക്കുക.
2. എല്ലാ കുട്ടികളെയും വായനാശീലമുള്ളവരായി മാറ്റിയെടുക്കുക.
3. വിദ്യാലയത്തിന്റെ പരിധിയിൽ വരുന്ന പ്രൈമറി വിദ്യാഭ്യാസത്തിന്റെ പ്രായത്തിലുള്ള എല്ലാവരേയും സ്കൂളിലേയ്ക്ക് ആകർഷിപ്പിക്കുക.
4. പൊതുവിദ്യാലയത്തിന്റെ കരുത്ത് സമൂഹത്തെ ബോദ്ധ്യപ്പെടുത്തി പിന്തുണ ആർജ്ജിച്ചെടുക്കുക.
5. പ്രവേശനം നേടിയ എല്ലാ വിദ്യാർത്ഥികൾക്കും അവസരങ്ങളും പങ്കാളിത്തവും നൽകി അവരുടെ വിവിധതരത്തിലുള്ള കഴിവുകൾ വികസിപ്പിച്ചെടുക്കുക.
6. ആകർഷണീയമായതും ആധുനിക സൗകര്യങ്ങളോടുകൂടിയതുമായ പഠനാന്തരീക്ഷം ഉറപ്പുവരുത്തുക.
7. എല്ലാ കുട്ടികളുടേയും ആരോഗ്യസംരക്ഷണവും പോഷകാഹാരം, ശുചിത്വ അന്തരീക്ഷം എന്നിവ ഉറപ്പുവരുത്തുക.
8. എല്ലാ കുട്ടികൾക്കും രചനാപരമായ കഴിവ് ഉണ്ടാക്കിയെടുക്കുക.
9. സ്കൂളിൽചേർന്ന ഒരു കുട്ടിപോലും അറിവും കഴിവും നേടാതെ പുറത്തുപോകില്ല എന്ന് ഉറപ്പുവരുത്തുക.
10. ആരോഗ്യശീലങ്ങൾ പാലിക്കൽ, പൊതുസ്ഥാപനങ്ങൾ വൃത്തിയായി സൂക്ഷിക്കൽ എന്നത് തന്റെ കടമയാണെന്ന് മനസ്സിലാക്കി പ്രവർത്തിക്കാനുള്ള ശീലം വിദ്യാലയത്തിൽ നിന്നും നേടിയെടുക്കാനുള്ള അവസരം ഉണ്ടാക്കിയെടുക്കുക.

11. വിദ്യാലയത്തിന്റെ ഭൗതികസാഹചര്യം കുട്ടികൾക്ക് വേണ്ടിയുള്ളത് മാത്രമാണെന്ന് ഉറപ്പാക്കുക.

12. സമൂഹപങ്കാളിത്തത്തോടുകൂടി സ്കൂൾ ലൈബ്രറി വികസിപ്പിച്ചെടുക്കുക.

13. വിദ്യാലയത്തിന്റെ മികവുകൾ സമൂഹത്തെ അറിയിച്ച് പൊതുവിദ്യാഭ്യാസത്തിന്റെ കരുത്ത് മനസ്സിലാക്കുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

14. വിദ്യാഭ്യാസ അവകാശനിയമം അനുശാസിക്കുന്നവിധം ഓരോ കുട്ടിയുടേയും എല്ലാ വിഷയങ്ങളിലേയും നിശ്ചിതകാലയളവിലെ പഠനപുരോഗതി, പഠനപ്രശ്നങ്ങൾ, മറ്റ് കഴിവുകൾ എന്നിവ രക്ഷിതാക്കളെ എല്ലാ ആഴ്ചയിലും ബോധ്യപ്പെടുത്തി രക്ഷിതാക്കളുടെ പിന്തുണ ആർജ്ജിച്ചെടുക്കുക.

15. വിദ്യാലയപ്രവർത്തനങ്ങളിൽ കുട്ടികളുടേയും രക്ഷിതാക്കളുടേയും അഭിപ്രായങ്ങൾ പ്രാബല്യത്തിൽകൊണ്ടുവരാൻ ശ്രമിക്കുക.

16. ഭിന്നശേഷിയുള്ള കുട്ടികളെ സമൂഹത്തിന്റെ മുൻനിരയിലേയ്ക്ക് കൊണ്ടുവരേണ്ടത് തന്റെകൂടി കടമയാണെന്ന് മനസ്സിലാക്കി പ്രവർത്തിക്കുക.

17. എസ്.എം.സി., ക്ലാസ്സ് പി.റ്റി.എ എന്നിവ ശക്തമാക്കുക.

18. ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അവരുടെ കഴിവുകൾ വികസിപ്പിച്ചെടുക്കാൻ അവസരമൊരുക്കുകയും അതിനുള്ള പഠനോപകരണങ്ങളും കളി ഉപകരണങ്ങളും ലഭ്യമാക്കുക.

19. കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള പഠനം കൂടുതൽ കാര്യക്ഷമമാക്കിയെടുക്കുക.

20. സവിശേഷദിനങ്ങളുടെ പ്രത്യേകതയും പ്രാധാന്യവും ബോധ്യപ്പെടുത്തിയെടുക്കുക.

21. കായികക്ഷമതയുള്ള തലമുറയെ വളർത്തിയെടുക്കുക.

22. പരിഹാരപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പഠനത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുക.

23. പ്രവർത്തിപരിചയമേളകളിലെ ഇനങ്ങൾക്കെല്ലാം സ്കൂളിൽ നിന്നും വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.

24. പൊതുവിദ്യാഭ്യാസ അവകാശനിയമം അനുശാസിക്കുന്നവിധം എല്ലാ ക്ലാസ്സിലും എല്ലാ പഠനോപകരണങ്ങളും ഉറപ്പുവരുത്തുക.

25. കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്ന വേദയായി സ്കൂൾ അസംബ്ലിയെ ഉയർത്തിയെടുക്കുക.

26. കുട്ടികളിൽ സർഗ്ഗാത്മകത വികസിപ്പിക്കുന്നതിന് അവസരമൊരുക്കുക, സാഹിത്യകാരന്മാരേയും സാഹിത്യകൃതികളേയും അറിയുന്നതിനുള്ള വേദി ഒരുക്കിയെടുക്കുക.

27. സഭാകമ്പമില്ലാതെ സദസ്സിനെ അഭിസംബോധന ചെയ്യാനുള്ള ശേഷി എല്ലാ കുട്ടികളിലും നേടിയെടുക്കുക.

28. എല്ലാ കുട്ടികളേയും ഉൾപ്പെടുത്തി അക്കാദമിക മികവിനായി പ്രാദേശിക പഠനയാത്രകൾ സംഘടിപ്പിച്ച് സ്വയം പഠനശേഷി വികസിപ്പിച്ചെടുക്കുക.

29. പ്രവർത്തിപരിചയമേളകളിൽ പങ്കെടുക്കാനുള്ള നൈപുണ്യം നേടിയെടുക്കുക.

30. ആധുനിക സാങ്കേതിക വിദ്യയിൽ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ പിന്നോക്കമാകില്ല എന്ന് ഉറപ്പുവരുത്തുക.

31. 4-ാം ക്ലാസ്സിൽ കുട്ടി ആകുമ്പോഴേക്കും കമ്പ്യൂട്ടറിൽ തന്റെ സ്വന്തം വിവരങ്ങൾ മലയാളത്തിൽ ടൈപ്പ് ചെയ്ത് സൂക്ഷിക്കാനുള്ള കഴിവ് വളർത്തിയെടുക്കുക.

32. വിദ്യാലയമികവുകൾ സമൂഹവുമായി പങ്കിടുന്നതിനുള്ള വേദികൾ വർഷത്തിൽ മൂന്ന് തവണയെങ്കിലും ഒരുക്കുന്നതിന് സംഘടിപ്പിക്കുക.

33. വിവിധക്ലബ്ബ് പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് സമൂഹത്തിൽ സ്കൂളിന്റെ സ്വീകാര്യത ഉറപ്പുവരുത്തുക.

34. ക്ലബ്ബ് പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പുവരുത്തുക.

35. വിദ്യാലയത്തിന്റെ പുരോഗതിക്കായി താല്പര്യമുള്ള എല്ലാ വിഭാഗം ജനങ്ങളുടേയും പിന്തുണ വിദ്യാലയത്തിന് ലഭ്യമാക്കുക.

36. വിമർശനാത്മകചിന്ത, വിശകലനാത്മകചിന്ത തുടങ്ങിയ ഉയർന്ന കഴിവുകൾ നേടാൻ അവസരമൊരുക്കുക.

ഈ ലക്ഷ്യങ്ങൾ പരിഗണിച്ച് അടുത്ത മൂന്ന് വർഷംകൊണ്ടു നേടേണ്ട കാര്യങ്ങളാണ് ചുവടെ ചേർക്കുന്നത്.

1. പ്രൈമറി ക്ലാസ്സിന്റെ അടിസ്ഥാനമായി പ്രീപ്രൈമറിയെ ഉയർത്തിയെടുക്കുക.
2. കുട്ടികളുടെ ആവശ്യമനുസരിച്ചുള്ള കളി ഉപകരണങ്ങളും പഠനോപകരണങ്ങളും ലഭ്യമാക്കിയെടുക്കുക.
3. വിശാലമായ ക്ലാസ്സ് റൂം സൗകര്യം ഉണ്ടാക്കിയെടുക്കുക.
4. ഉച്ചഭക്ഷണം പോഷകസമൃദ്ധമാക്കുകയും പ്രഭാതഭക്ഷണം കൂടി നൽകുന്നതിനുവേണ്ട നടപടികൾ നേടിയെടുക്കുക.

5. ബുക്ക് ഷെൽഫുകൾ, അലമാരകൾ, മേശ എന്നിവ കുട്ടികളുടെ ആവശ്യമായ സാധനങ്ങൾ വയ്ക്കുന്നതിന് വേണ്ടി വാങ്ങിച്ചെടുക്കുക.

6. കുട്ടികൾക്ക് അനുയോജ്യമായ മേശ, കസേര എന്നിവ സംഘടിപ്പിക്കുക.

7. ചിത്രപുസ്തകങ്ങൾ, കഥാപുസ്തകങ്ങൾ, കളറിംഗ് ബുക്കുകൾ എന്നിവ ശേഖരിക്കണം.

8. കാർട്ടൂൺ, ചെറുകഥകൾ, കഥകൾ, നഴ്സറി ഗാനങ്ങൾ തുടങ്ങിയവ പ്രദർശിപ്പിച്ച് പഠനം ആസ്വാദ്യകരമാക്കിയെടുക്കുക.

9. ക്ലാസ്സിനോടുചേർന്ന് പ്രത്യേക വാഷ്ബെയ്സിൻ, ടോയ്‌ലറ്റ് എന്നിവ നിർമ്മിച്ചെടുക്കുക.

10. പഠനകിറ്റുകൾ തയ്യാറാക്കിയെടുക്കുക.

11. ഔഷധത്തോട്ടത്തിന് സ്ഥാനം നിശ്ചയിച്ച് അത് പ്രയോജനപ്പെടുത്തണം.

12. ക്ലാസ്സ് ലൈബ്രറി സ്ഥാപിക്കണം.

13. നഗരസഭ, പഞ്ചായത്ത്, മറ്റ് ജനപ്രതിനിധികൾ എന്നിവരിൽ നിന്നും സഹായങ്ങൾ വേണ്ടരീതിയിൽ നിശ്ചയിച്ച് നിവേദനം നൽകുക.

14. ഉച്ചഭക്ഷണ വിതരണത്തിന് പ്രത്യേക സൗകര്യം ഒരുക്കണം. പുകയില്ലാത്ത അടുപ്പ്, ഗ്യാസ് അടുപ്പ്, അടുക്കള പാത്രങ്ങൾ, അസംബ്ലിഹാൾ, പാർക്കിനുള്ള മേൽക്കൂര ഇവയ്ക്കായി പഞ്ചായത്ത് ഫണ്ടോ, എം.എൽ.എ. ഫണ്ടോ ലഭ്യമാക്കുക.

## ഭാഷാശേഷി വികസനം

അമ്മമാരുടെ സഹായത്തോടെ വീട്ടിൽ ഭാഷാപഠനം സാദ്ധ്യമാക്കിയെടുക്കണം. ഭാഷയിലെ അടിസ്ഥാന ഭാഷാശേഷി വികസനം, ഭാഷാപരമായി പിന്നിൽ നിൽക്കുന്നവരെ കണ്ടെത്തൽ, വായിക്കാനും എഴുതാനുമുള്ള ശേഷി കുട്ടികളിൽ കണ്ടെത്തൽ എന്നിവ നടത്തി അതിന് പരിഹാരം കണ്ടെത്തണം.

## സ്കൂൾ അസംബ്ലി

1. ഏതെല്ലാം ദിവസങ്ങളിൽ അസംബ്ലി ഉണ്ട്, എത്ര സമയം, എന്തെല്ലാം ഇനങ്ങൾ എന്നിവ വ്യക്തമാക്കണം.

2. നിർബ്ബന്ധമായും ഉണ്ടാകേണ്ട ഇനങ്ങൾ

3. സവിശേഷ ഇനങ്ങൾ ഉൾപ്പെടുത്തണം.

   1) പുസ്തക റിവ്യൂ, പുസ്തകം പരിചയപ്പെടുത്തൽ
   2) ഇംഗ്ലീഷ് അസംബ്ലി
   3) ദേശഭക്തിഗാനം
   4) പതിപ്പ് പ്രകാശനം ചെയ്യൽ

5) ക്വിസ്
6) പ്രസംഗം
7) ചിന്താവിഷയം
8) നിർദ്ദിഷ്ട ക്ലാസ്സുകാരുടെ നേതൃത്വത്തിൽ നടക്കുന്ന പ്രത്യേക അസംബ്ലി
9) ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ഉൾപ്പെടുത്താവുന്ന വിഷയങ്ങൾ.
10) പ്രീ പ്രൈമറി പ്രകടനം തുടങ്ങിയവ ഉൾപ്പെടുത്തി അസംബ്ലി വൈവിദ്ധ്യമുള്ളതാക്കി യെടുക്കണം.
11) പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ അവതരണങ്ങൾ
12) അതിഥിക്ലാസ്സ്
13) ക്ലാസ്സിലെ വേറിട്ട പ്രവർത്തനങ്ങൾ പങ്കുവയ്ക്കൽ, ക്ലാസ്സ് മികവുകളുടെ പങ്കെടുക്കൽ
14) പതിപ്പ് പ്രകാശനം ചെയ്യുക.
15) പത്ര ക്വിസ്, ക്ലാസ്സ് പത്രപ്രകാശനം, വാർത്താ വിശകലനം മുതലായവ.

4. ഇനങ്ങൾ അവതരിപ്പിക്കുമ്പോൾ കൂടുതൽ മെച്ചപ്പെടുത്താനുള്ള ചർച്ച
5. അസംബ്ലി പ്രവർത്തനം നിരന്തര വിലയിരുത്തലിന്റെ പരിധിയിൽ വരുന്നവിധം അതാത് അദ്ധ്യാപകർ തന്നെ പ്രദർശിപ്പിക്കണം.
6. അസംബ്ലിയിൽ രക്ഷകർത്താക്കളുടെ പങ്കാളിത്തം.
7. മെച്ചപ്പെട്ട അസംബ്ലി നടത്തുന്ന ഗ്രൂപ്പിന് അംഗീകാരം നൽകൽ. മറ്റുള്ള ഗ്രൂപ്പിന് പ്രചോദനം നൽകൽ.
8. വിശേഷദിനങ്ങളിൽ പ്രാദേശിക വിദഗ്ദ്ധരുടെ പങ്കാളിത്തം അസംബ്ലിയിൽ ഉൾപ്പെടുത്തണം.
9. കുട്ടികളെ അസംബ്ലി നടത്തുന്നതിന് തയ്യാറാക്കാൻ അദ്ധ്യാപകർക്ക് ചുമതല നൽകുക.
10. അസംബ്ലി അംഗീകാരത്തിനുള്ള വേദികൂടി ആക്കിയെടുക്കണം. ഓരോ അസംബ്ലിയിലും ഒരു കുട്ടിയെ എങ്കിലും അംഗീകരിക്കണം.

# അക്കാദമിക മാസ്റ്റർപ്ലാൻ

ക്ലാസ് : I

കുട്ടികൾ : 18

വിനി. S. R.

# ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വന്തമായ പ്രതികരണങ്ങൾ ശില്പശാല, സംയുക്ത ഡയറി, സചിത്ര പുസ്തകം, സ്വന്തം രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകൾ ആണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർപ്ലാൻ വഴി ക്ലാസിലെ വിവിധ തരം പ്രവർത്തനങ്ങൾ കൂടി സ്വയം സ്വന്തമാക്കണം എന്നത് ഉൾക്കൊണ്ട് ഓരോ മാസവും വിവിധ പ്രവർത്തനങ്ങളിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇതിലൂടെ ഉണർന്ന് സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായിട്ട് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത് ഈ അധ്യയന വർഷത്തിൽ കുട്ടി, രക്ഷിതാവ്, അധ്യാപകർ, മറ്റ് സഹായികളും ഉൾപ്പെടുത്തിക്കൊണ്ട് ഇതിൽ മാത്രം ഒതുങ്ങാതെ വരുന്ന കാലഘട്ടത്തിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത നൽകി കൊണ്ടാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ/കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

# ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല, സംയുക്ത ഡയറി, സചിത്ര പുസ്തകം, സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കൂടി കൈവരിക്കേണ്ടതായിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകൾ ആണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർപ്ലാൻ വഴി ക്ലാസിലെ വിവിധ തരം പ്രവർത്തനങ്ങൾ കൂടി സ്വയം സ്വതന്ത്രമാക്കണം എന്നത് ഉൾക്കൂടി ഓരോ മാസവും വിവിധ പ്രവർത്തനപ്പെട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇടപെട്ടുകൊണ്ട് സമഗ്ര ശിക്ഷണമെന്ന പദ്ധതിയുടെ ഭാഗമായിട്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി, രക്ഷിതാവ്, അധ്യാപകർ, മറ്റ് സഹായികളും ഉൾപ്പെട്ടുകൊണ്ട് ഇതുവരെ മതിൽ കെട്ട് വരെയുള്ള കാലങ്ങളിൽ നിന്ന് വിലക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത നൽകി കൊണ്ടാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

## ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ/കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

* എല്ലാ കുട്ടികളെയും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടിയെന്ന് ഉറപ്പുവരുത്തുക.
* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
* ലളിതമായ വായനാ കാർഡുകൾ നിർമ്മിക്കാൻ ശ്രമിക്കുന്നു.
* കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനുള്ള ലഘുരചനാ ശില്പശാലകൾ നടത്തുന്നു.
* കുട്ടികൾ തങ്ങളുടെ ആശയങ്ങളും പങ്കിട്ട് ചെറുകഥ പുസ്തകം തയ്യാറാക്കുന്നു.

## പ്രവർത്തന ലക്ഷ്യങ്ങൾ

* ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.
* സർഗ്ഗശേഷികൾ കൈവരിക്കുന്നു.
* ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
* നാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
* കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.
* സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശില്പശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
* രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സചിത്ര ഡയറി മെച്ചപ്പെടുത്തുന്നു.

## ജൂൺ

### പ്രവർത്തനങ്ങൾ

* സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
* സചിത്ര ഡയറി, സംയുക്ത ഡയറി എന്നിവ രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ.
* ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
* ആംഗ്യങ്ങളോടെ ചെറു കവിതകൾ ചൊല്ലൽ.

## ജൂലൈ

### പ്രവർത്തനങ്ങൾ

⇒ സംയുക്ത ഡയറി എഴുതാൻ സഹായകം ഒരുക്കൽ.
⇒ കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
⇒ വായനമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
⇒ രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
⇒ പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം മറിച്ചു നോക്കാനും അവസരം ഒരുക്കുന്നു.
⇒ ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
⇒ അക്ഷരച്ചാർട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
⇒ ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
വാചികമായി പറയാനും അവസരം നൽകുന്നു.

## ഓഗസ്റ്റ്

### പ്രവർത്തനങ്ങൾ

⇒ റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്

മലയാളം മധുരം പ്രവർത്തനങ്ങൾ :

- ഭാഷാവികാസത്തിന് അവസരം നൽകുന്നു.
- സംയുക്ത ഡയറി എഴുതാൻ സാധിക്കുന്നു.
- പാഠപുസ്തകത്തിലെ പാഠങ്ങൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷാശേഷി വർധിപ്പിക്കുന്നതിനായി അക്ഷര പാട്ടുകൾ, ചിത്ര വായന കാർഡുകൾ എന്നിവ തയ്യാറാക്കുന്നു, അവതരിപ്പിക്കുന്നു.
- വായനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര വായന നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മകമായി വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം നൽകുന്നു.
- സ്വന്തം രചന പരിഷ്കരിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അന്ന് ഭയപ്പെട്ടിരുന്ന ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗത രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

## ഒക്ടോബർ

### പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വന്തം രചനകൾ പ്രദർശിപ്പിക്കുന്നു.
- ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.

## നവംബർ

### പ്രവർത്തനങ്ങൾ

- സ്വയം ഡയറി എഴുത്ത് കുട്ടികൾ ചെയ്തു തുടങ്ങി സ്വന്തം രചയിതാക്കൾ ആകുന്നു.
- കൂട്ടു വായന, നാട്ടുവായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ
- വായനോത്സവം തുടരുന്നു.
- രചനോത്സവം തുടരുന്നു.
- ചിത്രവായനയ്ക്ക് അവസരം ഒരുക്കൽ
  നാടകീയമായി കവിതകൾ ചൊല്ലൽ.

## ഡിസംബർ

### പ്രവർത്തനങ്ങൾ

* ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും ആകർഷകവുമായി അവതരിപ്പിക്കാം
* രചനാശേഷി പരിപോഷിപ്പിക്കൽ
* ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാതെ ഭാഷയിൽ എഴുതുന്നു.

* രണ്ടാം ആഴ്ചയോ ഫോക്കസ് പോർട്ട്ഫോളിയോ കളറിൽ തിരിഞ്ഞ് പ്രദർശനം ശേഖരിച്ച് ഒട്ടിച്ചുവെച്ച് നടത്തുന്നു.
* ചെറു കവിതകളും, കഥകളും എന്നിവ എഴുതാൻ ശ്രമിക്കുന്നു.
* അനുഭവം ജീവിത അനുഭവങ്ങളും ചേർത്ത് ചെറിയ കുറിപ്പുകൾ എഴുതാൻ ശീലിക്കുന്നു.
* പ്ലക്കാർഡുകൾ ചിത്രങ്ങൾ ഉപയോഗിച്ച് ഒട്ടിച്ചുകൊണ്ട് പ്രദർശിപ്പിക്കുന്നു.
* സംയുക്ത ഡയറി [illegible]

## നേട്ടങ്ങൾ

ക- ലക്ഷ്യങ്ങൾ

* കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനുള്ള ലഘുവായ ശില്പശാലകൾ നടത്തുന്നു.
* ദിനപ്പത്ര സാഹിത്യങ്ങളും വാർത്ത കോളങ്ങളും എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
* കുട്ടികളും എഴുതിയ ചെറുകഥകളും, കവിതകളും എന്നിവയുടെ പ്രകാശനം.
* സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ മികവാർന്ന പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു.
* കുട്ടികളുടെ സർഗ്ഗശേഷികളും സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നു.
* ആത്മവിശ്വാസത്തോടെ സ്വന്തമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
* സ്വന്തം രചനകൾ ചേർത്ത് കൈയെഴുത്ത് മാസിക തയ്യാറാക്കുന്നു.
* മികവുകൾ സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നു.

# ഫെബ്രുവരി

## പ്രവർത്തനങ്ങൾ

* ഭാഷോത്സവം, ഗണിതോത്സവം എന്നീ രണ്ട് പ്രവർത്തനങ്ങൾ ഈ മാസത്തിൽ നടപ്പിലാക്കുന്നു.
* കുട്ടികളുടെ രചനകൾ മാഗസിനിൽ ചേർക്കുന്നു
* അക്ഷര പൂർണ്ണതയോടെ സർഗ്ഗാത്മക രചനകൾ നടത്തുന്നു.
* കുട്ടികളുടെ മികവുകൾ സമൂഹത്തിന് മുമ്പിൽ പ്രദർശിപ്പിക്കുന്നു.

# മാർച്ച്

## പ്രവർത്തനങ്ങൾ

* കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന, സ്വതന്ത്ര വായന ഇവയ്ക്ക് പ്രോത്സാഹനം കൊടുക്കുന്നു.
* ഓരോ കുട്ടിയും ഓരോ പതിപ്പുകൾ.

## വിലയിരുത്തൽ പ്രവർത്തനങ്ങൾ

⇒ കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്

⇒ ഗണിതോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്.

⇒ മികവുകൾ സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുന്നു.

⇒ സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.

⇒ കുഞ്ഞെഴുത്ത് പ്രസ്ഥാനം ഉത്തേജിതമാകുന്നു.

⇒ സർഗാത്മകശേഷി വികാസത്തിനുള്ള അഴിവുകൾ, സാധ്യതകൾ ഉരുവാകുന്നു.

⇒ ഭാഷാഭ്യാസത്തിന്റെ ഭാഗമായി കുട്ടിത്ത്വത്തിലെ വികാരങ്ങൾ അവതരിപ്പിക്കുന്നു

# ഗണിതം

## ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റു പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോഴും ഗണിതം പിന്തള്ളിപ്പോകാതെ മുഖ്യധാരയിൽ ഉറപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ഗണിത പ്രവർത്തനങ്ങൾ ലളിതവും രസകരവുമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

## ലക്ഷ്യങ്ങൾ

* ഒന്നുമുതൽ 5 വരെയുള്ള സംഖ്യകൾ എണ്ണുന്നു, എഴുതുന്നു.
* അഞ്ചുവരെയുള്ള എണ്ണത്തെ പ്രകൃതി, തുല്യം കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
* അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
* ഒറ്റ സംഖ്യകളും എണ്ണി എടുക്കുന്നു. എഴുതുന്നു, വായിക്കുന്നു.
* ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
* സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ ആക്കുന്നു.
* രണ്ട് ഒറ്റ സംഖ്യകളുടെ സങ്കലനം
* രണ്ട് ഒറ്റ സംഖ്യകളുടെ വ്യവകലനം
* ഒറ്റ സംഖ്യകളുടെ വ്യാഖ്യാനം

1 മുതൽ 20 വരെയുള്ള സംഖ്യകളും എണ്ണാൻ കഴിയും എഴുതാനും വായിക്കാനും കഴിയുന്നു

* ഒരക്ക സംഖ്യാ പാറ്റേൺ രൂപീകരിക്കൽ

ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

## ജ്ഞാനം

- ⇒ സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- ⇒ സംഖ്യാക്കാർഡ് നിർമ്മിക്കൽ

## ധാരണ

- ⇒ ഗണിത പഠനത്തിന് സഹായകരമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.
- ⇒ സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

## പ്രയോഗം

- ⇒ ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- ⇒ കൂട്ടൽ, കുറവ് തിരിച്ചറിയുന്നു.
- ⇒ ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## നൈപുണ്യങ്ങൾ

- ⇒ സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ
- ⇒ ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലനം, വ്യവകലന ക്രിയകൾ നടത്തൽ
- ⇒ ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.

സംഖ്യാഗാനങ്ങൾ ആലപിക്കൽ

## ഒക്ടോബർ

* ഒറ്റ സംഖ്യ , ഇരട്ടസംഖ്യ തിരിച്ചറിയൽ
* ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ , ഇരട്ടസംഖ്യ എന്ന തിരിച്ചറിവ്
* വലിയസംഖ്യ ചെറിയസംഖ്യ തിരിച്ചറിയൽ.

## നവംബർ

* സംഖ്യാഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു. ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ഡിസംബർ

* സംഖ്യകൾ ആരോഹണ , അവരോഹണ ക്രമത്തിൽ എഴുതുന്നു
* ഗണിത ആൽബം തയ്യാറാക്കൽ.

## ജനുവരി

* ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു
* സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
* 1 മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

## ഫെബ്രുവരി

* ഗണിത ആൽബം PTA യിൽ പ്രദർശിപ്പിക്കുന്നു.
* വിലവിവരപ്പട്ടിക, പ്രശ്നവിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## മാർച്ച്

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ പൂർത്തിയാക്കുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- സംഖ്യകളുടെ ആകൃതി, തുല്യം എന്നിവ തിരിച്ചറിയുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.

# ENGLISH

## AIM

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

## Objectives and Learning Outcomes.

- Respond to simple instructions in the classroom
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

## JUNE

- Introduce symbol words
- Provides picture cards.

## JULY

- Identify familiar words.
- Say familiar words
- Read familiar words.
- Write familiar words.

## AUGUST

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.

## September

- Read and write simple words and simple sentences.
- Provides picture cards and reading cards.

## October

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Textbook activities.

## November

- Prepare reading cards
- Provide more opportunities to read, right and speak English.
- Write five English words daily.

## December

- Read and understand simple instructions in the class room.
- Encourage digital reading.

## January.

- Enjoy songs and sings them with Rhythm and action.
- Make picture albums.

* Collect pictures of animals and its young ones.

## FEBRUARY

⇒ Provide the opportunity to express myself in the classroom.
⇒ English assembly once in a week.

## MARCH

⇒ Speaks English fluently.
⇒ Read and write simple sentences.
⇒ Picture reading and picture description.

class – II

Academic master plan

Malayalam

# ആമുഖം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തി-
ക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക
മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല
എന്നീ മേഖലയിൽ കുട്ടികളുടെ ശേഷി
പരിഗണിച്ചാണ് ക്ലാസ്സ്തല മാസ്റ്റർ പ്ലാൻ
തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനത്തിൽ
നൽകി കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷ പ്രദമാ
വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്.

ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന
മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം
ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിത പരിപാടി-
കൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ്
ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ
പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ
രണ്ടാം ക്ലാസിലും അക്കാദമിക മാസ്റ്റർ പ്ലാൻ
തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം
ഉണ്ടാകുന്നതിനു വേണ്ടിയാണ്.

## മുന്നൊരുക്കം

1. പ്രീടെസ്റ്റ് നടത്തുന്നു.

എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമൊരുക്കുന്നു.

### പ്രവർത്തനകലണ്ടർ

| ക്രമ നമ്പർ | പരിപാടിയുടെ പേര് | നിർവഹണ കാലം |
|---|---|---|
| 1 | മലയാളം മധുരം | ജൂൺ - മാർച്ച് |
| 2. | സംയുക്ത ഡയറി | ജൂൺ - മാർച്ച് |
| 3. | പാട്ടരങ്ങ് | ജൂൺ - മാർച്ച് |
| 4. | റീഡേഴ്സ് തിയേറ്റർ | ജൂലൈ - മാർച്ച് |
| 5. | രചനോത്സവം | ജൂൺ - മാർച്ച് |
| 10. | ഭാഷോത്സവം | ജനുവരി |
| 11. | വായനക്കാർഡ് | ജൂൺ - മാർച്ച് |

## പ്രവർത്തന ലക്ഷ്യങ്ങൾ

ഒന്നാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനു-സരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക

വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

ചിത്രത്തെ അടിസ്ഥാനമാക്കി സംഭാഷണം, ലഘുവിവരണം കഥ എന്നിവ തയ്യാറാക്കുന്നു.

ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

ജൂൺ

ചിത്രകാർഡുകൾ നൽകൽ

ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ

വായനാസാമഗ്രികൾ നിർമിക്കൽ

വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

ജൂലൈ

ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.

സ്കൂൾ ലൈബ്രറി സജ്ജീകരിക്കുന്നു.

ആഗസ്റ്റ്

* ലൈബ്രറി പ്രയോജനപ്പെടുത്തൽ
* ചിത്ര വിവരണം
* വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ

* വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
* വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
* വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ

സെപ്റ്റംബർ
വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

ഒക്ടോബർ
കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ
എന്നിവ സ്വന്തം ഭാഷയിൽ വാചികമായി
അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കൽ
വേണ്ടുന്ന ഗുണങ്ങൾ നൽകുന്നു

ഉദാ:- ആന
വലിയ ആന
കറുത്ത വലിയ ആന

നവംബർ
കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക
പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം
കൊടുക്കുന്നു.

ഡിസംബർ
* ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള
പ്രവർത്തനങ്ങൾ ചെയ്യുന്നു.

വായന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട്
വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം
ഒരുക്കുന്നു.

ജനുവരി

വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും
എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ
ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും
വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി

എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ
സാധിച്ചു എന്നത് ഉറപ്പ് വരുത്തൽ
(ഭാഷണം, ലേഖനം, എഴുത്ത്)

മാർച്ച്

വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ
ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ,
വായനക്കാർഡുകൾ, കൈയ്യെഴുത്ത് മാസിക
മാഗസിനുകൾ തയ്യാറാക്കൽ
വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മ വായന
ചിത്രവായന എന്നിവ പ്രോത്സാഹിപ്പിക്കൽ
കഥാവായന പ്രോത്സാഹിപ്പിക്കൽ

# ഗണിതം

## ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്ന് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് 'ഉല്ലാസഗണിതം' പദ്ധതി മുന്നോട്ട് വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗരേഖയായി തന്നെ അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലൂടെ തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക എന്നതാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

## പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം, വ്യവകലനം, പ്രശ്നപരിഹാരം എന്നിവയെന്നുള്ള ശേഷി ഉറപ്പാക്കൽ.

സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്

ഗണിതക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ

ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു എഴുതുന്നു. (100-ന് താഴെ)

ജൂലൈ

* ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ
* ഗണിതകിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
* പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ.

[5+5=10 , 10+10=20]

ആഗസ്റ്റ്

* വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ

99 നോട് 1 കൂട്ടിയാൽ 100
10 പത്തുകൾ ചേർന്നാൽ 100 ആകും
100 ഒന്നുകൾ ചേർന്നാൽ 100

* ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ ഉപയോഗ വെട്ടി തയ്യാറാക്കി സംഖ്യ ചേർത്ത് 'ക്ലാസിലൊരു' കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യുന്നു

* നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ

10 രൂപ + 5 രൂപ = 15 രൂപ

നോട്ട് നാണയം

<u>ഡിസംബർ</u>

* സംഖ്യാബോധം തിരിച്ചറിയൽ
സംഖ്യാവ്യാഖ്യാനം ഉറപ്പാക്കൽ
* സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)
* രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

<u>ജനുവരി</u>

വിലവിവരപ്പട്ടിക തയ്യാറാക്കൽ, വിവരങ്ങൾ ശേഖരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ

ഫെബ്രുവരി

ഗണിതം ആസ്വാദ്യകരമാക്കാൻ ജൈവവൈവിധ്യത്തിൽ
ഗണിതലാപനം നടത്തൽ.
ഉല്ലാസ ഗണിതം മെറ്റീരിയൽ ഉപയോഗിച്ച്
ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ,
ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി
വിജയം കൈവരിക്കൽ.

മാർച്ച്

കലണ്ടർ പതിപ്പ് തയ്യാറാക്കൽ
കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത
അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ
വ്യത്യാസം കണ്ടെത്തൽ
കലണ്ടർ സംഖ്യാബന്ധങ്ങൾ പാറ്റേണുകൾ
രൂപീകരിക്കൽ.
കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ
ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ
കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

# English

## Academic master plan

Aim - To Speak, Read and write English without any mistakes.

June

pretest

To develop listening skills and reading skills first.

Listening skills

Games, Action songs Hello English activities

Conversations, Skit stories

use ICT

Speaking skills

Descriptions, growing sentences, picture reading picture description Self introduction Assembly activities speech, book review, quiz riddles Self introduction, School radio etc.

July & August

Reading Skills

News paper reading, library books reading

book review, reading breaking news, find words collect and read past tense, rhyming words, describing words etc. Textbook activities.

<u>writing skills</u>

Make word web, picture description word chain, Sentence chain, make words and sentences make riddles, conversations, Add more lines develop story, description, notice proclamation diary, letter, Announcement, magazines etc.

| | | | | |
|---|---|---|---|---|
| To develop Creative Speaking Skills and writing | Make simple description about picture<br>Growing sentences, picture reading self introductions<br>. Identify the naming words from the picture<br>- Identify the action words from the picture. Reading Skill<br>- Books reading<br>- Find words<br>- Collect and read past tense<br>- Rhyming words<br>. TB Activities<br>Writing skills<br>- Make word web<br>- Picture description<br>- Word chain<br>- Make words & Sentences.<br>- Make riddles, conversations. Add more lines. | Augst - September<br>(Through out the year) | | |

| | | | | |
|---|---|---|---|---|
| To express thoughts feelings etc.. | Reading skills<br>Library book reading<br>- Conversation, skit stories, use ICT<br>Read Notice<br>Develop story<br>Writing skills<br>-Description, Thoughts. | October<br>November | | |
| Develop the creative speaking and writing | Reading skills<br>- Library books reading<br>- Conversations, skit stories, using ICT<br>- Develop story<br>- Reads diary.<br>Writing Skills-<br>- Diary<br>- Announcement | December and January | | |
| To Improve the presentation | Reading Skills<br>- Library books reading<br>- Conversation skit stories<br>Develop story.<br>Writing skills.<br>- Diary<br>- Descriptions<br>- Thoughts<br>- Exibition. | February<br>March | Class Tr<br>HM | |

| | | | | |
|---|---|---|---|---|
| എഴുത്തുകാരുമായി സംവദിക്കൽ | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ. സാഹിത്യകാരന്മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം. | Class Tr | |
| കണ്ടറിയാം കേട്ടറിയാം | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class Tr | PTA |
| രുചിച്ചറിയാം... | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള. പാചകക്കുറിപ്പ് അടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസിലൊരു സദ്യ. | വർഷത്തിലൊന്ന് | SRG Class Tr PTA | |

## ഗവ. എൽ.പി.എസ് പുള്ളിക്കണക്ക് അക്കാദമിക് മാസ്റ്റർപ്ലാൻ

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

ക്ലാസ് : IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാപഠനം) | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ. (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാപഠനം) | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് | ആഴ്ചയിൽ 3 ദിവസം വർഷം മുഴുവനും | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാപഠനം) | | | | |
| സർഗാത്മകത പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ. (Skit, Drama, Conversation, Story Telling). | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് മാഗസിൻ | | | | |
| സർഗാത്മക രചനാശേഷി വികസനം. | മൂന്നുമാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM Class Teacher SMC | SMC |
| ഇംഗ്ലീഷ് കൈയ്യെഴുത്ത് | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാമികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| ഇംഗ്ലീഷ് കോർണർ | | | | |
| വായനാ പരിപോഷണം. | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച വായനാമൂല ഒരുക്കൽ, വായനാവേള ഒരുക്കൽ, വായനാകുറിപ്പ് പുസ്തകപരിചയം. | ക്ലാസ് രണ്ടാഴ്ച്ചയിലൊന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| ഇംഗ്ലീഷ് ഫെസ്റ്റ്. | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ ) | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | വർഷത്തിലൊരിക്കൽ | SRG ClassT PTA | |